## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. **122** — **15.06.2012**-ലെ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എ.പ്രദീപ്കുമാർ<br>ഡോ.കെ.ടി.ജലീൽ | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| എ) 2011-12-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ; | എ) ഉണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2011-12 വർഷത്തെ പദ്ധതിചെലവ് സംബന്ധിച്ച അവലോകനം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും കൂടുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ നടത്തിയിട്ടുണ്ട്. കൂടാതെ 17.01.2012-ൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ട്. കൂടാതെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിലും മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിധ്യത്തിലും ജില്ലാതല അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്. ഇതിനു പുറമെ എല്ലാ ആഴ്ചയിലും ചേരുന്ന കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിലും പദ്ധതി പ്രവർത്തനം വിലിയിരുത്തുന്നുണ്ട്. |
| ബി) സാമ്പത്തിക വർഷം അവസാനിക്കാറായപ്പോഴും പദ്ധതി ചെലവ് എങ്ങുമെത്താത്തതിനെത്തുടർന്ന് പദ്ധതി തുക വിനിയോഗ കാലാവധി മൂന്നുമാസത്തേക്ക് കൂടി നീട്ടണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്നും ആവശ്യമുയർന്നിരുന്നോ ; | ബി) ആവശ്യം ഉയർന്നിരുന്നു. |

| | | | |
|---|---|---|---|
| സി) | ഈ ആവശ്യം സംബന്ധിച്ച് എന്ത് തീരുമാനം കൈക്കൊണ്ടു ; അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ; | സി) | നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി തുക വിനിയോഗ കാലാവധി മൂന്ന് മാസത്തേക്ക് കൂട്ടി ദീർഘിപ്പിക്കണമെന്ന ആവശ്യം 28.03.2012-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിരാകരിച്ചു.<br>1997-98 സാമ്പത്തിക വർഷത്തിൽ പദ്ധതി നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. പിന്നീട് സി ആന്റ് എ.ജി. അംഗീകരിക്കാതിരിക്കുക കാരണം തുടർന്ന് ഒരു സാഹചര്യത്തിലും കാലാവധി നീട്ടി നൽകിയിട്ടില്ല. പകരമായി ചെലവ് ശതമാനത്തിന്റെ ലിമിറ്റ് കുറച്ച് ഷോർട്ട്ഫാൾ കുറക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല, കഴിഞ്ഞ വർഷത്തെ പദ്ധതിച്ചെലവ്, മുൻ വർഷത്തെ അപേക്ഷിച്ച് മെച്ചമാണ്. |
| ഡി) | പദ്ധതി വിനിയോഗത്തിൽ കുറവ് വരുത്തിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്ത സാമ്പത്തികവർഷത്തിൽ വിഹിതം കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ? | ഡി) | ഉണ്ട്. കുറഞ്ഞ പരിധി 60 ശതമാനമാക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു സാമ്പത്തിക വർഷത്തെ ചെലവിലെ കുറവ് പ്രസ്തുത സ്ഥാപനത്തിന്റെ മൊത്തം വിഹിതത്തിന്റെ 40 ശതമാനത്തിൽ അധികരിക്കുകയാണെങ്കിൽ അത്തരത്തിൽ അധികരിക്കുന്ന തുക തുടർന്ന് വരുന്ന രണ്ടാമത്തെ സാമ്പത്തിക വർഷത്തിലെ വിഹിതത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ